## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

**(ഹാജർ. എ.ഷാജഹാൻ)**

വിഷയം -പൊതുവിദ്യാഭ്യാസം - പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷം) പദ്ധതി 2011-12 - ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ റീഫണ്ട് ആയി ലഭ്യമായ സ്കോളർഷിപ്പ് തുകയുടെ പുനഃവിതരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന - ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകൾ

**ഉത്തരവ് നം. എൻ2/4271/2011/ഡി.പി.ഐ തീയതി. 14.11.2012**

ന്യൂനപക്ഷ വിഭാഗങ്ങളിലുൾപ്പെടുന്ന 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം കുട്ടി ഒന്നിന് 1000 രൂപാ നിരക്കിൽ തുകയനുവദിക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷം) പദ്ധതി കേന്ദ്രസർക്കാർ 2008 മുതൽ കേരളത്തിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം 2011-12-ൽ കേന്ദ്രസർക്കാർ അനുവദിച്ച രണ്ട് ഗഡു തുക അർഹരായ വിദ്യാർത്ഥികൾക്ക് വിതരണത്തിനായി നൽകുകയും, വിവിധ കാരണങ്ങളാൽ (പ്രീ-മെട്രിക് സ്കോളർഷിപ്പ് (ഒ.ബി.സി) പോലുള്ളവ കൈപ്പറ്റിയതിനാൽ) വിദ്യാർത്ഥികൾ കൈപ്പറ്റാത്തതിനാൽ ബന്ധപ്പെട്ട സ്കൂളധികാരികൾ ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ തിരിച്ചടച്ചിട്ടുണ്ട്. അങ്ങനെ തിരിച്ചടയ്ക്കപ്പെട്ട തുക 2011-12 ലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് പ്രകാരം അർഹരായ പട്ടികയിലുൾപ്പെട്ടവരും ഇനിയും സ്കോളർഷിപ്പ് തുക ലഭിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുകയാണ്.

മേൽസൂചിപ്പിച്ചവയുടെ അടിസ്ഥാനത്തിൽ, ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും വിതരണത്തിനായി നൽകിയ പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷം) പദ്ധതിപ്രകാരമുള്ള തുക വിവിധ കാരണങ്ങളാൽ ഉപഭോക്താക്കൾ കൈപ്പറ്റാത്തതിനാൽ ബന്ധപ്പെട്ട സ്കൂളധികാരികൾ ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ തിരിച്ചടച്ചിരിക്കുകയാണ്. ടി തുക 2011-12 ലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടവരും ഇനിയും സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്ക് ബന്ധപ്പെട്ട സ്കൂളധികാരികൾ മുഖേന വിതരണം നടത്തുവാൻ ഉത്തരവാകുന്നു.

| ക്രമനം. | വിദ്യാഭ്യാസ ജില്ല | അർഹരായ വിദ്യാർത്ഥികളുടെ എണ്ണം | | ആകെ കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| | | മുസ്ലീം | ക്രിസ്ത്യൻ | |
| 1. | നെയ്യാറ്റിൻകര | 36 | 28 | 64 |
| 2. | തിരുവനന്തപുരം | 19 | 14 | 33 |
| 3. | ആറ്റിങ്ങൽ | 11 | 9 | 20 |
| 4. | കൊല്ലം | 141 | 109 | 250 |
| 5. | കൊട്ടാരക്കര | 27 | 20 | 47 |
| 6. | പുനലൂർ | 19 | 15 | 34 |

| | | | | |
|---|---|---|---|---|
| 7. | പത്തനംതിട്ട | 33 | 27 | 60 |
| 8. | തിരുവല്ല | 6 | 5 | 11 |
| 9. | മാവേലിക്കര | 2 | 2 | 4 |
| 10. | ആലപ്പുഴ | 14 | 10 | 24 |
| 11. | ചേർത്തല | 9 | 6 | 15 |
| 12. | കുട്ടനാട് | 3 | 2 | 5 |
| 13. | കോട്ടയം | 15 | 12 | 27 |
| 14. | പാല | 2 | 1 | 3 |
| 15. | കാഞ്ഞിരപ്പള്ളി | 8 | 6 | 14 |
| 16. | കടുത്തുരുത്തി | 1 | 1 | 2 |
| 17. | കട്ടപ്പന | 66 | 51 | 117 |
| 18. | തൊടുപുഴ | 26 | 21 | 47 |
| 19. | തൃശ്ശൂർ | 11 | 8 | 19 |
| 20. | ചാവക്കാട് | 66 | 50 | 116 |
| 21. | ഇരിങ്ങാലക്കുട | 51 | 40 | 91 |
| 22. | എറണാകുളം | 131 | 101 | 232 |
| 23. | ആലുവ | 58 | 44 | 102 |
| 24. | കോതമംഗലം | 36 | 27 | 63 |
| 25. | മൂവാറ്റുപുഴ | 10 | 8 | 18 |
| 26. | ഒറ്റപ്പാലം | 29 | 22 | 51 |
| 27. | പാലക്കാട് | 33 | 27 | 60 |
| 28. | മലപ്പുറം | 89 | 16 | 105 |
| 29. | വണ്ടൂർ | 31 | 23 | 54 |
| 30. | തിരൂർ | 30 | 22 | 52 |
| 31. | കോഴിക്കോട് | 8 | 7 | 15 |
| 32. | താമരശ്ശേരി | 33 | 26 | 59 |
| 33. | വടകര | 426 | 5 | 431 |
| 34. | വയനാട് | 62 | 48 | 110 |
| 35. | കണ്ണൂർ | 230 | 177 | 407 |
| 36. | തലശ്ശേരി | 42 | 33 | 75 |
| 37. | കാഞ്ഞങ്ങാട് | 81 | 62 | 143 |
| 38. | കാസറഗോഡ് | 361 | 13 | 374 |
| | **ആകെ** | 2256 | 1098 | 3354 |

ജില്ലാവിദ്യാഭ്യാസ ആഫീസർമാർ, ഇതോടൊപ്പം ഇ-മെയിൽ ചെയ്യുന്ന അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകർക്ക് സ്കോളർഷിപ്പ് തുകയോടൊപ്പം നൽകേണ്ടതും ***2012 ഒക്ടോബർ 31*** ന് മുമ്പ് ടി തുകയുടെ വിതരണം പൂർത്തിയാക്കി റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

സ്കൂളധികാരികൾ ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ നിന്നും എത്രയുംപെട്ടെന്ന് അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റും തുകയും കൈപ്പറ്റിയ ശേഷം ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് അക്വിറ്റൻസ് മുഖേന വിതരണം ചെയ്യേണ്ടതും ആയതിന്റെ റിപ്പോർട്ട് ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കേണ്ടതുമാണ്.

എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാരും, ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാരും ലിസ്റ്റിലുൾപ്പെട്ട അർഹരായ എല്ലാ കുട്ടികൾക്കും പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും, വിതരണത്തിൽ എന്തെങ്കിലും വീഴ്ചകണ്ടെത്തുകയാണെങ്കിൽ ആയത് ഈ ഓഫീസിലേയക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട ധനവിനിയോഗസർട്ടിഫിക്കറ്റ് ഈ ഓഫീസിൽ ഹാജരാക്കുവാൻ എല്ലാജില്ലാവിദ്യാഭ്യാസ ആഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

ഉള്ളടക്കം – വിദ്യാർത്ഥികളുടെ ലിസ്റ്റ്

**പൊതു വിദ്യാഭ്യാസഡയറക്ടർ**
**തിരുവനന്തപുരം.**

സ്വീകർത്താവ്–

1. എല്ലാജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
2. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും (ഡി.ഇ.ഒ മുഖേന)
3. എല്ലാ പ്രധാനാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)
4. സ്റ്റോക്ക് ഫയൽ

*പൊതു വിദ്യാഭ്യാസഡയറക്ടർ*
*തിരുവനന്തപുരം*